നം.കെ.എസ്.എ.പി.റ്റി.എ.പി12/1188/2016 തീയതി 17.11.2016

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.09.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	20.10.16 മുതൽ 28.10.16 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ. പ്രദീപ് കുമാർ	ഓഡിറ്റ് ഓഫീസർ
ശ്രീ .കെ.ആർ.മഹേഷ് കുമാർ ശ്രീ.പി.അനിൽകുമാർ	സീനിയർ ഗ്രേഡ് ഓഡിറ്റർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ യു എസ്	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

1	ശ്രീമതി ജഗദമ്മ സോമരാജൻ	01.04.2015മുതൽ 31.10.2015 വരെ

	ശ്രീ.കെ.ജയലാൽ	12.11.2015മുതൽ 31.03.2016വരെ

സെക്രട്ടറി

1	ശ്രീ.പ്രസാദ് പി.രവി	01.04.2015മുതൽ 31.03.2016വരെ

സൂചിക

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
ഭാഗം 1- ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം		
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9

10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	അനുബന്ധ പത്രികകൾ	1-11
ഭാഗം 2 – വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
1	അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	2-1
2	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല	2-2
3	വസ്തു നികുതി പരിഷ്കരണ നടപടികൾ വൈകുന്നു - കുടിശ്ശിക ഈടാക്കാനാകുന്നില്ല	2-3
ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
1	റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു ഫണ്ട് നഷ്ടം .	3-1
2	കമ്മ്യൂണിറ്റി ഹാളിനും ഗ്രാമപഞ്ചായത്ത് ഓഫീസിനും നിലവാരമില്ലാത്ത പെയിന്റിംഗ് നടത്തി.	3-2
3	തെരുവുനായ്ക്കളുടെ ജനന നിയന്ത്രണം - എബിസി പ്രോഗ്രാം - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല	3-3
4	തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - മീറ്റർ സ്ഥാപിച്ചില്ല	3-4
5	മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല	3-5
6	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്മാനദണ്ഡങ്ങൾ പാലിച്ചില്ല	3-6
7	പൊതുടാപ്പുകളുടെ വെള്ളക്കരം പെരുകുന്നു - അശാസ്ത്രീയമായ കണക്കുകൾ- പഞ്ചായത്തിനു ബാധ്യതയാകുന്നു.	3-7

8	വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനത്തിലെ തകരാർ പരിഹരിക്കുന്നതിന്നടപടിയില്ല- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല.	3-8
9	കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല	3-9
10	സംഘക്കൃഷിക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന സ്ഥലം ഒരുക്കൽ - കൃഷിഭവനുമായി ഏകോപനമില്ല.	3-10
11	വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകിയെങ്കിലും സംരംഭം ആരംഭിച്ചില്ല	3-11
12	പൊതു ശൗചാലയങ്ങൾ കാട് കയറിയ നിലയിൽ കിടക്കുന്നു	3-12
13	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി ധനസഹായം നൽകുന്നില്ല.	3-13
14	സമ്പൂർണ്ണ ശുചിത്വ മിഷനിൽ നിന്നും കക്കൂസ് നിർമ്മാണത്തിന് ലഭിച്ച തുകപൂർണ്ണമായും വിനിയോഗിച്ചില്ല	3-14
15	ആശ്രയ പദ്ധതി നിർവഹണം കാര്യക്ഷമമല്ല	3-15
<u>ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം</u>		
1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4

5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-9
	അനുബന്ധ പത്രികകൾ	
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	

ഭാഗം 1

പൊതു അവലോകനം

(1-1) ബജറ്റ്

2015-16 ലെ ബജറ്റ് പാസ്സാക്കിയതിന്റെ വിവരം	
ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി	09.03.2015
ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി	26.03.2015

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള തനത് വരവിനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കാൻ. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് നിർദ്ദേശം	യഥാർത്ഥ വരവ്	വ്യത്യാസം
വസ്തുനികുതി	3600000	1429860	2170140
തൊഴിൽനികുതി	1500000	938520	561480
വാടക	500000	210656	289344
ഡി ആന്റ് ഒ ലൈസൻസ് ഫീസ്	100000	71650	28350

പെർമിറ്റ് ഫീ	75000	52015	22985

സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയിട്ടുള്ള മുഴുവൻ നികുതി ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാ.പരസ്യ നികുതി, സേവന നികുതി. ബജറ്റിനോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(1-2) വാർഷിക ധനകാര്യപത്രിക

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2015-16	31.07.2016	01.07.2016

(1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

(1-4) സാമ്പത്തിക വിശകലനം

മുൻബാക്കി	12523056.49
വരവ്	33185403
ആകെ	45708459.49
ചെലവ്	39501018
നീക്കിബാക്കി	6207441.49

(1-5) ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ്	ആകെ	ചെലവ്	ട്രാൻസ്ഫർ ക്രഡിറ്റ്	നീക്കിയിരിപ്പ്
വികസന ഫണ്ട് പൊതുവിഭാഗം	580527	7405013	7985540	7985540	4054116	0
വികസനഫണ്ട് എസ്.സി.പി.	1725243	4630645	6355888	6355888	0	0

വികസനഫണ്ട്-ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	760431	6467225	7227656	7227656	0	0
സംരക്ഷണഗ്രാന്റ് റോഡിതരം	583731	1852092	2435823	2435823	0	0
13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ്	1574879	3770704	5345583	5345583	0	0
കെ. എൽ.ജി. എസ്.ഡി.പി	2351386	2281115	4632501	4632501	0	0

(1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
193	164	3	29	86.53

(1-7) തനത് വരുമാനം

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	%(+)/(-)
നികുതി വരവുകൾ	3719562	2368380	-1351182	-36.33
നികുതിയേതര വരവുകൾ	336290	347828	11538	3.43
മറ്റ് വരവുകൾ	78885	170591	91706	116.25
ആകെ	4134737	2886799	-1247938	-30.18

മുൻ വർഷത്തെ അപേക്ഷിച്ച് നികുതി വരുമാനതതിൽ ഗണ്യമായ ഇടിവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടിയുണ്ടാകേണ്ടതാണ്.

(1-8) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

വർഷം	*പെൻഷൻ*	*ഗുണഭോക്താക്കളുടെ*	*പെൻഷൻ*

	ഇനം	എണ്ണം	ഇനത്തിൽ ചെലവ്
2015-16	കർഷകത്തൊഴിലാളി പെൻഷൻ	388	3164910
	വിധവാ പെൻഷൻ	500	5958400
	വികലാംഗ പെൻഷൻ	176	1467130
	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	21	182400
	വാർദ്ധക്യകാല പെൻഷൻ	500	4584450

ക്രമ നം.	പദ്ധതി	2015-16 ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ	നിരസിച്ചവ	കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം.
1	കർഷകത്തൊഴിലാളി പെൻഷൻ	30	30	22	ഇല്ല
2	തൊഴിൽ രഹിത വേതനം	--	--	--	ഇല്ല
3	വിധവാ പെൻഷൻ	71	71	5	ഇല്ല
4	വികലാംഗ പെൻഷൻ	16	16	1	ഇല്ല
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	5	5	1	ഇല്ല
6	വാർദ്ധക്യകാല പെൻഷൻ	134	134	9	ഇല്ല

ചട്ടം 7 (ബി) പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുക്കുന്നുണ്ട്. അപേക്ഷ സ്വീകരിക്കൽ, ഫീൽഡ്തല പരിശോധനയ്ക്ക് അയയ്ക്കൽ, പഞ്ചായത്ത് തീരുമാനം തുടങ്ങിയവയിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. പെൻഷൻ ഗുണഭോക്തൃതെരഞ്ഞെടുപ്പ് ചട്ടപ്രകാരമാണ്. വയസ്സ്, വരുമാനം, ക്ഷേമനിധി അംഗത്വം തുടങ്ങിയ യോഗ്യതകൾ പരിശോധിച്ച് അർഹത ഉറപ്പു വരുത്തുന്നുണ്ട്.

(1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2016ന് 10.30AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10942 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

(1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ്	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച	ഗുരുതരമായ ഓഡിറ്റ്

		നടത്തിയ തീയ്യതി		തീയ്യതി	പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	16.10.2016	01.08.2016 to 30.09.2016	റിപ്പോർട്ട് ലഭിച്ചിട്ടില്ല	വിവരം ലഭ്യമല്ല
2	അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ്	ലഭ്യമല്ല	1997-98 to 2001-02	03.04.2003	ഇല്ല

(1-11) അനുബന്ധ പത്രിക

(1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

(2-1) അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2015-16വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ, ചുവടെ പറയുന്ന കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പേര്	മേൽവിലാസം	2015-16ൽ ഏറ്റെടുത്തു നടത്തിയ പ്രവൃത്തികളുടെ എണ്ണം
ദിനു ചാക്കോ	ബ്ലൂ സ്റ്റാർ ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി	2
എൻ.പി. ഗോപാലകൃഷ്ണൻ	നല്ലവീട്ടിൽ, മലയാലപ്പുഴ	3
ബാലചന്ദ്രൻ നായർ	പുതിയ വീട്ടിൽ, ഇളപ്പുപാറ, വി.കോട്ടയം	1
അലക്സ് സി.ഇടിക്കുള	ളാഹയിൽ ഹൗസ്, റാന്നി	1
സദാനന്ദ പണിക്കർ	പുല്ലംപ്ലാവിൽ, മലയാലപ്പുഴ	4
പ്രതിസൂധനൻ പിള്ള	കുതിരാംകുളത്തിൽ, മലയാലപ്പുഴ	2
കെ.ജി ഗോപാലകൃഷ്ണൻ	അഭിജിത്ത് ഭവൻ, മലയാലപ്പുഴ	1
ഹരിലാൽ.എസ്	പുല്ലംപ്ലാവിൽ, മലയാലപ്പുഴ	5

മേൽ പറഞ്ഞിട്ടുള്ളവരിൽനിന്ന് തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

(2-2) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പരിധിയിൽ 16 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നുംതന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2-3) വസ്തു നികുതി പരിഷ്കരണ നടപടികൾ വൈകുന്നു - കുടിശ്ശിക ഈടാക്കാനാകുന്നില്ല

ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് വഴിയുള്ള വസ്തുനികുതി പിരിവ് സാംഖ്യ റസീപ്റ്റുകളുടെ പോസ്റ്റിംഗ് , മാപ്പിംഗ് എന്നിവ മുഖേനയും,ഔട്ട് ഡോർ കളക്ഷനുകൾ ഔട്ട് ഡോർ കളക്ഷൻ പോസ്റ്റിംഗ് വഴിയും ,ഒരു രസീത് വഴി ഒന്നിലധികം കെട്ടിടങ്ങളുടെ നികുതി എടുത്തിട്ടുള്ളത് ഡേറ്റാ എൻട്രി വഴിയും 31.03.2016 വരെ സഞ്ചയ സോഫ്റ്റ്വയറിൽ ഉൾപെടുത്തിയിട്ടുണ്ട്.

01.04.2016 മുതൽ 17.08.2016 വരെയുള്ള റസീപ്റ്റുകളുടെ പോസ്റ്റിംഗ് ,ഒരു രസീത് വഴി ഒന്നിലധികം കെട്ടിടങ്ങളുടെ നികുതി സ്വീകരിച്ചിട്ടുള്ളത്(ഹാരിസൺ തോട്ടം 4,5 വാർഡുകൾ), 2013-14 മുതലുള്ള വിമുക്തഭടൻമാരുടെ നികുതി ഇളവ് ,വേക്കൻസി റെമ്മിഷൻ ,പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ നീക്കം ചെയ്യുക എന്നീ പ്രവർത്തികൾ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ നിലവിലുള്ള കുടിശ്ശിക തുക പൂർണമായും ഈടാക്കാൻ കഴിയുകയുള്ളൂ.മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി കുടിശ്ശിക തുക പൂർണമായും ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

(3-1) 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു ഫണ്ട് നഷ്ടം

2015-16 ൽ മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം സി.പി.ഡബ്ലു(സെന്റർ പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ്,ഡെൽഹി ഷെഡ്യൂൾ റേറ്റ്) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്. PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്കു 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്.ഇതു പ്രകാരം 1:2:4 കോണ്ക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്. (4753.29x1.4095=6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (ഫ്ലോറിംഗ്,ഡി.എസ്.ആർകോഡ് :11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്.അതായത് എം ക്യൂബിന് 7058.80 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഇത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 cum

1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size)					
Code No	Description	Unit	Quantity	Rate	Amount
0295	Stone aggregate (Single size)-20mm nominal size	Cum	0.670	1175	787.25
0297	Stone aggregate (Single size)-10mm nominal size	Cum	0.220	1175	258.50
2202	Carriage of Stone aggregate below 40mm nominal size	Cum	0.890	106.49	94.78
0982	Coarse sand(Zone III)	Cum	0.445	1200	534
2203	Carriage of Coarse sand	Cum	0.445	106.49	47.39
0367	Portland Cement(0.2225 cum)	Tonne	0.320	6300	2016
2209	Carriage of Cement	Tonne	0.320	94.65	30.29
Labour					
0155	Mason(Average)	Day	0.100	417	41.70

0114	Beldar	Day	1.630	329	536.27
0101	Bhisti	Day	0.700	363	254.10
0002	Hire Charge of concrete mixer 0.25 to 0.40 cum with Hopper	Day	0.070	800	56.00
0012	Vibrator(needle type 40mm)	Day	0.070	350	24.50
9999	Sundries	LS	14.30	1.78	25.45
				Total	4706.23
Add water charge 1%					47.06
Sub Total					4753.29
Cost Index for Pathanamthitta,40.95%					1946.47
Total					6699.76

For Flooring:(DSR Code:11.7)

Details of cost for one m3

Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete					
Code No	Description	Unit	Quantity	Rate	Amount

4.1.3	Rate as per item 4.1.3 of DSR ,concrete work	M3	1	4753.29/m3	4753.29
Labour:Extra labour for laying in floors etc					
0124	Mason(brick layer) 2nd class	Day	0.350	399.00	139.65
0114	Bheldar	day	0.180	329.00	59.22
0101	Bhisti	day	0.050	363.00	18.15
9999	Sundries	LS	19.760	1.78	35.17
Sub Total					5005.48
Add 1% water charge except for 4.1.3 (252.19x1%)					2.52
Total					5008
Cost Index for Pathanamthitta,40.95%					2050.78
Total					7058.78

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Konni Block Division ,Assistant Executive Engineer ടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്. ഇത്തരത്തിൽ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ട് നം/പേര്	എം. ബുക്ക് നം	ഡിഡി.നം/ തീയതി	1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@ 7058.78/	1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 6699.76/	നഷ്ടം

				m3)	m3)	
1	61/15-16,തടത്തേൽപ്പടി-പനച്ചിക്കൽ റോഡ് കോൺക്രീറ്റിംഗ്	54/15-16	847951/ 15.02.16	6.30m3, 44470	42208	2262
2	116/15-16,ചേറാടി-മോളത്തറപ്പടി ഇടവഴി കോൺക്രീറ്റിംഗ്	22/15-16	845140/ 20.10.15	9.60m3, 67764	64318	3446
3	56/15-16,കനാൽപ്പടി-അരവണ്ണൂർക്കടവ് റോഡ് കോൺക്രീറ്റിംഗ്	43/15-16	265146/ 02.04.16	6.53m3, 46094	43749	2345
4	55/15-16,തോമ്പിൽപ്പടി-വല്യയ്യത്ത് പടി റോഡ് കോൺക്രീറ്റിംഗ്	30/15-16	265148/ 02.04.16	9.79m3, 69105	65591	3514
5	62/15-16,അമ്പലം-തട്ടാവണത്ത്പടി റോഡ് കോൺക്രീറ്റിംഗ്	18/15-16	846780/ 05.01.16	4.85m3, 34235	32494	1741
6	57/15-16,CL ഫാക്ടറി-പാറുലയം റോഡ് കോൺക്രീറ്റിംഗ്	2/15-16	391385/ 17.09.15	6.30m3, 44470	42208	2262
7	52/15-16,ശീമപ്ളാവ് മുക്ക്-പാമ്പേറ്റുമല റോഡ് കോൺക്രീറ്റിംഗ്	17/15-16	845132/ 20.10.15	7.20m3, 50823	48238	2585
8	50/15-16,വയണയ്ക്കമൂല റോഡ് കോൺക്രീറ്റിംഗ്	13/15-16	846525,19,23/ 24.12.15	6.53m3, 46094	43749	2345

9	98/15-16,ഹോമിയോ ആശുപത്രി- ചുരുളിക്കൽ റോഡ് കോൺക്രീറ്റിംഗ്	10/15-16	846782/ 05.01.16	2.36m3, 16659	15811	848
10	59/15-16, ചെറിയമ്പാട്ടുപടി- ചരിവുകാലായിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	12/15-16	265273/ 04.04.16	7.65m3, 54000	51253	2747
11	71/15-16,മുക്കുറ്റിപ്പന- ഒന്നാം ഡിവിഷൻ ലയം റോഡ് കോൺക്രീറ്റിംഗ്	24/15-16	846788/ 05.01.16	24.34m3, 171811	163072	8739
12	51/15-16,കടുവാക്കുഴി- വെള്ളറ റോഡ് കോൺക്രീറ്റിംഗ്	8/15-16	846518,20,21,22,24/ 24.12.15, 845128/ 20.10.15	12.40m3, 87529	83077	4452
13	49/15-16,റേഷൻകടപ്പടി- പുതുവേലിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	36/15-16	846786/ 05.01.16	3.60m3, 25412	24119	1293
14	53/15-16,തോട്ടൂർപ്പടി- മധുമലപ്പടി റോഡ് കോൺക്രീറ്റിംഗ്	11/15-16	846714/ 30.12.15	9.21m3, 65011	61705	3306
15	73/15-16,ചെറിയത്തുപടി- തുണ്ടിയത്തുപടി റോഡ് കോൺക്രീറ്റിംഗ്	51/15-16	847937/ 15.02.16	9.296m3, 65618	62281	3337

16	54/15-16,ആനശാരിക്കൽ-കുറിഞ്ഞിപ്പുഴ റോഡ് കോൺക്രീറ്റിംഗ്	5/15-16	846611/ 29.12.15	9.92m3, 70023	66462	3561
17	72/15-16,ചിറത്തിട്ട നമ്പർ 2 ഡിവിഷൻ കോളനി റോഡ് കോൺക്രീറ്റിംഗ്	4/15-16	846471 /23.12.15	19.13m3, 135034	128166	6868
18	66/15-16,തോലയ്ക്കൽപ്പടി-വലിയപറമ്പിൽ റോഡ് കോൺക്രീറ്റിംഗ്	14/15-16	845134/ 20.10.15	16.43m3, 115976	110077	5899
19	60/15-16,കോഴിക്കുന്നം-ചേറാടി റോഡ് കോൺക്രീറ്റിംഗ്	23/15-16	845136/ 20.10.15	6.53m3, 46094	43749	2345
20	198/15-16,മുക്കുഴി അഞ്ചു സെന്റ് കോളനി ഇടവഴി കോൺക്രീറ്റിംഗ്	76/15-16	265251/ 04.04.16	4.875m3 @7297.16 =35573.66 (Cost index 45.71%)	33764 (Cost index 45.71% ;6926.02)	1810
21	69/15-16,ചെറിയത്തുപടി-കോതകത്തുപടി റോഡ് കോൺക്രീറ്റിംഗ്	21/15-16	845142/ 20.10.15	5.25m3, 37059	35174	1885
22	64/15-16,പാറയിൽ മേലേലയ്യത്ത് റോഡ് കോൺക്രീറ്റിംഗ്	20/15-16	845130/ 20.10.15	3.79m3, 26753	25392	1361
23	58/15-16,പ്രതീക്ഷ ഭവൻ റോഡ് കോൺക്രീറ്റിംഗ്	15/15-16	845126/ 20.10.15	6.59m3, 46517	44151	2366

24	63/15-16,മാരാവീട്ടിൽപ്പടി-കൊച്ചുവീട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	19/15-16	845144/ 20.10.15	9.66m3, 68188	64720	3468
25	48/15-16,കൊല്ലംപടി-29 ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ്	64/15-16	849434/ 22.03.16	6.30m3, 44470	42208	2262
26	65/15-16,മുണ്ടയ്ക്കൽ മാർത്തോമ പള്ളിപ്പടി-നിരവേൽ കോളനി റോഡ് കോൺക്രീറ്റിംഗ് (ടെണ്ടർ)	46/15-16	849420/ 22.03.16	30.38m3 @8117.59/m3=246612	30.38m3 @7704.75 =234070	12542
	ആകെ					89589

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 89589/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Konni Block Division Assistant Executive Engineer ടേയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്.89589/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(3-2) കമ്മ്യൂണിറ്റി ഹാളിനും ഗ്രാമപഞ്ചായത്ത് ഓഫീസിനും നിലവാരമില്ലാത്ത പെയിന്റിംഗ് നടത്തി

പ്രൊജക്ട് നം/പേര്	S0123/16, കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്	S0178/16.പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാം നില നിർമ്മാണം
അടങ്കൽ തുക	Plan-370858 Finance Commission-329142 ആകെ-700000/-	ലോകബാങ്ക്-2284000
കരാറുകാരന്റെ പേര്	അലക്സ് C.ഇടിക്കുള, ളാഹയിൽ വീട്, മന്ദിരം P.O, റാന്നി.	N.P ഗോപാലകൃഷ്ണൻ, നല്ലവീട്ടിൽ, മലയാലപ്പുഴ, താഴം P.O
ബിൽ തുക/തീയതി	Plan-370858 (Bill No.12/30.03.2016)	1500058/-(DD No.846704/30.12.2015)

		603206/- (DD No.848678/03.03.2016)
എം ബുക്ക് നം	രേഖപ്പെടുത്തിയിട്ടില്ല	26/AE/15-16 25/15-16

ഗ്രാമപഞ്ചായത്ത് ഓഫീസ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തി നടത്തിയതിൽ പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ഉപയോഗിച്ച് പെയിന്റിംഗ് നടത്തിയതിന് തുക നൽകിയിട്ടുണ്ട് (ഡി.എസ്.ആർ കോഡ് 13.60.1,റേറ്റ് 113.46/m2 with cost index). എന്നാൽ ഭൗതിക പരിശോധനയിൽ വാട്ടർ പ്രൂഫിങ് സിമന്റ് പെയിന്റ് ആണ് ഉപയോഗിച്ചതെന്നു കണ്ടു. ഡെൽഹി ഷെഡ്യൂൾ റേറ്റ് 2014 (കോഡ് 13.44.1) പ്രകാരം ഇതിനു നൽകാവുന്ന നിരക്ക് 81.54/m2 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഡി.എസ്.ആർ കോഡ് 13.60.1ൽ 'പുട്ടി'യിട്ട് പെയിന്റ് ചെയ്യുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.എന്നാൽ 'പുട്ടി'യിട്ട് പെയിന്റിംഗ് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലെ പെയിന്റിംഗിന് യാതൊരു ഗുണനിലവാരവും പാലിച്ചിട്ടില്ലാത്തതിനാൽ പല ഭാഗത്തും പെയിന്റ് ഇളകി പോയിട്ടുണ്ട്.

Finishing walls with water proofing cement paint of required shade:

13.44.1 New Work (Two or more coats applied@ 3.84 Kg/10 sqm)					
Code No	Description	Unit	Quantity	Rate	Amount
Materials					
0851	water proofing cement	Kg	3.84	45	172.80
9999	Carriage of material	L.S	1.560	1.78	2.78
Labor					
0131	Painter	Day	0.460	399	183.54
0115	Coolie	Day	0.230	329	75.67
0101	Bhisti	Day	0.100	363	36.30

9999	Brushes,Sand paper etc	L.S	7.150	1.78	12.73
9999	Sundries	L.S	8.060	1.78	14.35
	Total				498.17
	Add Water Charge @1%				4.98
	Total				503.15
	Add 15% CPOH				75.47
	Cost of 10 sqm				578.62
	Cost of 1 Sqm				57.86
				Say	57.85
	Cost index 40.95%				81.54

Wall Painting ന ഈ നിരക്ക് പ്രകാരം നൽകാവുന്ന നിരക്കും ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടവും ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	എം ബുക്ക് നം	അളവ്	നൽകിയ നിരക്ക് @ 113.46/m2 (13.60.1)	നൽകാവുന്ന നിരക്ക് @81.54/m2 (13.44.1)	നഷ്ടം
1	കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്	രേഖപ്പെടുത്തിയിട്ടില്ല	1225.30m2	139014.60	99910.96	39104

2	പഞ്ചായത്ത് ഓഫീസ്	26/AE/15-16 25/15-16	1115.70m2	126587.32	90974.18	35613
						74717

ഇക്കാരണങ്ങളാൽ 74717/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.8/15-16;28.10.2016) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നില്ല.അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 74717/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ നിന്നും ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്.

(3-3) തെരുവുനായ്ക്കളുടെ ജനന നിയന്ത്രണം - എബിസി പ്രോഗ്രാം - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല

പ്രോജക്ട് നം : 207/2016

പ്രോജക്ടിന്റെ പേര് : തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നത് - എബിസി പ്രോഗ്രാം

അടങ്കൽ : 70000

ചെലവ്/ ഫണ്ടിനം : 30146 വികസനഫണ്ട് (ജനറൽ)
39854ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണം : സെക്രട്ടറി

ഡിഡി നം./തീയതി : 267337/03.06.2016 – 30146/-
267338/03.06.2016 – 39854/-

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിനായി പഞ്ചായത്തിന്റെ വികസനഫണ്ടിൽനിന്നും 70000രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുപരിധിയിൽ നടത്തിയിട്ടില്ല. തെരുവുനായ് ശല്യം രൂക്ഷമായിട്ടും, ലഭ്യമായ പണം ചെലവഴിച്ച് പദ്ധതി നടപ്പാക്കാതിരിക്കുന്നത് അധികൃതരുടെ ഭാഗത്തുള്ള അനാസ്ഥയാണ്.പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കി പുരോഗതി നിരീക്ഷിക്കേണ്ടതും

ചെലവിനെ സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(3-4) തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - മീറ്റർ സ്ഥാപിച്ചില്ല

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന 07.07.2010ലെ 43742/ഡി.സി.3 /2010ത.സ്വ.ഭ.വ സർക്കുലർ നിർദ്ദേശം യഥാസമയം നടപ്പിലാക്കിയില്ല. അതിനാൽ മീറ്ററിംഗ് ചെലവിന്റെ 50% സബ്സിഡി ലഭിക്കുമായിരുന്നത് നഷ്ടമായി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ൽ മാത്രമാണ് 190800രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കുമ്പഴയിൽ അടച്ചത്(പ്രോജക്ട് നം SO 206/2016). തുക ചെലവഴിച്ചിട്ടും നാളിതുവരെ മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. പദ്ധതിക്കായി 05/2016 ൽ കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ട എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഒന്നും തന്നെ ചേർത്തിരുന്നില്ല. അതിനാൽ കെ.എസ്.ഇ.ബി യ്ക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രവർത്തിക്കാത്ത തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇക്കാരണത്താൽ വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് തുടർന്ന് വരുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(3-5) മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല

പ്രോജക്ട് നം	: 184/2016
പ്രോജക്ടിന്റെ പേര്	: മീഡിയാശ്രീ
അടങ്കൽ	: 65000
ചെലവ്/ ഫണ്ടിനം	: 65000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണം	: സെക്രട്ടറി
ഡിഡി നം./തീയതി	: 390131/28.07.2015

2015-16ൽ സെക്രട്ടറി നടപ്പിലാക്കിയ 'മീഡിയാശ്രീ' എന്ന പദ്ധതിപ്രകാരം 65000രൂപ കുടുംബശ്രീ സംസ്ഥാന മിഷന് നൽകിയെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലായില്ല. കൈമാറിയ തുക ഉപ്പോഴും കുടുംബശ്രീയിൽത്തന്നെ അവശേഷിക്കുന്നു.

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററിയാക്കുന്നതിനാണ് 20.03.2015 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 813/2015തസ്വഭവ പ്രകാരം സംസ്ഥാന മിഷൻ കോ ഓർഡിനേറ്ററുടെ പേരിൽ ഡിഡിയെടുത്ത് ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുള്ളത്.

സെക്രട്ടറിയും ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായി 01.09.2016ൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം, 'ഡോക്യുമെന്ററിയുടെ തിരക്കഥ സർക്കാർ അംഗീകരിച്ചതിന്റെ കത്തും പദ്ധതി നടത്തിപ്പിനുവേണ്ട തുകയും മുൻകൂറായി നൽകേണ്ട ഉത്തരവാദിത്വം' പഞ്ചായത്തിനുണ്ട്. എന്നാൽ തുക കൈമാറുക മാത്രമാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്. നാളിതുവരെ തിരക്കഥ തയ്യാറാക്കികുടുംബശ്രീയ്ക്ക് കൈമാറിയിട്ടില്ല.

ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 65000രൂപ തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി നടപ്പാക്കാൻഅടിയന്തിര നടപടിയുണ്ടാകേണ്ടതാണ്.

(3-6) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് മാനദണ്ഡങ്ങൾ പാലിച്ചില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് മാനദണ്ഡങ്ങൾ പാലിച്ചില്ല.സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയത് ഗ്രാമസഭകളുടെ അംഗീകാരം വാങ്ങാതെയാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 3 പദ്ധതികൾ പ്രകാരം സ്റ്റീൽ മേശ (ഒരു ഡ്രോയർ, Cupboard ഉൾപ്പെടെ) 36" 18" 30", സ്റ്റീൽ കസേര (കുഷ്യൻ സഹിതം) എന്നിവ റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ തിരുവല്ല സിഡ്കോയിൽ നിന്ന് വാങ്ങിയാണ് വിദ്യാർത്ഥികൾക്ക് (സ്റ്റീൽ മേശ, കസേര 1 വീതം) വിതരണം ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതി അടങ്കൽ, പ്രോജക്ട് നംപർ	പഠനോപകരണങ്ങൾ കൈപ്പറ്റിയ വിദ്യാർത്ഥികളുടെ എണ്ണം	ചെലവ്	ഡി.ഡി.നംപർ / ബിൽ നംപർ / തീയതി
SO201 /16 100000	25	100000	391758 / 5-10-15
SO41 /16 296000	74	296000	390476 / 12-8-15
SO 145/16 468000	117	468000	390010 / 25-7-15

ഗുണഭോക്താക്കൾ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരാണെന്നും പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്നും അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയതിനെ ആധാരമാക്കിയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങാഞ്ഞതും ജാതിസർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതും ക്രമവിരുദ്ധമായ നടപടിയാണ്. അപാകതകളിന്മേൽ വിശദീകരിക്കേണ്ടതും, ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി അറിയിക്കേണ്ടതുമാണ്. ആയതിനാൽ ഈ പദ്ധതിയ്ക്ക് ചെലവഴിച്ച 864000 രൂപയ്ക്ക് തടസ്സവാദമുന്നയിക്കുന്നു.

(3-7) പൊതുടാപ്പുകളുടെ വെള്ളക്കരം:അശാസ്ത്രീയമായ കണക്കുകൾ -പഞ്ചായത്തിന് ബാധ്യതയാകുന്നു

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റി നൽകിവരുന്ന കണക്കുകൾ അശാസ്ത്രീയം. ഈയിനത്തിൽ അടയ്ക്കേണ്ട തുക സംബന്ധിച്ച് ഉടലെടുത്ത തർക്കം പരിഹരിക്കപ്പെട്ടില്ല.

പ്രതിമാസം 234 പൊതുടാപ്പുകൾക്കാണ് 12 / 2012 വരെ വാട്ടർ ചാർജ് ഒടുക്കി വന്നിരുന്നത്. എന്നാൽ സംയുക്ത പരിശോധന നടത്താതെ വാട്ടർ ടാപ്പുകളുടെ എണ്ണം ഏകപക്ഷീയമായി 325 ആയി വർദ്ധിപ്പിച്ച് അതനുസരിച്ചുള്ള

ബില്ലാണ് 1 / 2013 ൽ വാട്ടർ അതോറിറ്റി നൽകിയത്. എന്നാൽ സംയുക്ത പരിശോധന നടത്താത്തതിനാൽ ഗ്രാമപ്പഞ്ചായത്ത് ടി തുക അംഗീകരിച്ചില്ല. 234 പൊതുടാപ്പുകൾക്കാണ് (ഒരു ടാപ്പിന് 5250 രൂപ പ്രതിവർഷ നിരക്കിൽ) 6/ 2015 വരെയും വെള്ളക്കരം ഒടുക്കി വന്നത്.

വാട്ടർ അതോറിറ്റിയും ഗ്രാമപ്പഞ്ചായത്തും 25-3-14 ൽ നടത്തിയ സംയുക്ത പരിശോധനയെത്തുടർന്ന് 276 പൊതുടാപ്പുകൾ ഉണ്ടെന്ന് നിജപ്പെടുത്തി. (ഇത് 277 എന്ന് 27-4-15 ൽ പുനർനിശ്ചയിച്ചു.) 277 ടാപ്പുകൾക്ക് 4/ 2014മുതൽ 6 / 2015 വരെയുള്ള കുടിശ്ശിക ഇനത്തിൽ 918829 രൂപ ഒടുക്കാൻ ആവശ്യപ്പെട്ട് 20-7-15 ൽ ഗ്രാമപ്പഞ്ചായത്തിന് നോട്ടീസ് ലഭിച്ചു. ഏപ്രിൽ 2014 ൽ പ്രാരംഭബാക്കിയായി 477921 രൂപയും പ്രസ്തുത തുകയ്ക്ക് പിഴപ്പലിശ ഇനത്തിൽ 196339 രൂപയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ 325 പൊതുടാപ്പുകൾ എന്ന തെറ്റായ എണ്ണത്തെ അടിസ്ഥാനമാക്കി പ്രാരംഭബാക്കി നിർണ്ണയിച്ചത് അംഗീകരിക്കാഞ്ഞതിനാൽ പ്രസ്തുത തുക ഗ്രാമപ്പഞ്ചായത്ത് ഒടുക്കിയില്ല. ഈ വിഷയത്തിലുള്ള തർക്കം പരിഹരിക്കപ്പെടാതെ ഇപ്പോഴും തുടരുന്നു.

വെള്ളക്കരത്തിന്റെ കുടിശ്ശിക സംബന്ധിച്ചും സംയുക്ത പരിശോധനയെ സംബന്ധിച്ചുമുള്ള പരാതികൾ പഞ്ചായത്ത് ഡയറക്ടർ,വാട്ടർ അതോറിറ്റിയുടെ ചീഫ്എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട് രൂപീകരിച്ചുള്ള കമ്മറ്റി മുഖേന പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(3-8) വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനത്തിലെ തകരാർ പരിഹരിക്കുന്നതിന് നടപടിയില്ല- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല

പഞ്ചായത്ത് നിവാസികളുടെ കുടിവെള്ള പ്രശ്നത്തിന് മുമ്പിൽ അധികൃതർ ഇരുട്ടിൽത്തപ്പുന്നു. വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനത്തിലെ തകരാർ പരിഹരിക്കുന്നതിനും ഗാർഹിക കണക്ഷന് പദ്ധതികൾ നടപ്പാക്കുന്നതിനും ശ്രമമുണ്ടാകുന്നില്ല.

രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപ്പഞ്ചായത്ത് നിവാസികൾക്ക് വർഷത്തിൽ 6 മാസത്തിലേറെയും വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ മാത്രമാണ് ഏക ആശ്രയം. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഫിൽട്ടറിംഗ് സംവിധാനം തകരാറിലായതിനാൽ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമാണ് വെള്ളം ലഭിക്കുന്നത്. ഗത്യന്തരമില്ലാതെ, ഫിൽട്ടറിംഗ് ഒഴിവാക്കി വെള്ളം ലഭിക്കുന്നതിന് ഭരണസമിതി 26.08.2016 ലെ 4(1) നംപർ തിരുമാനത്തിലൂടെ വാട്ടർ അതോറിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ചെളി കലർന്ന വെള്ളമാണ് ഇപ്പോൾ പൈപ്പുകളിലൂടെ ലഭിക്കുന്നത്. ഫലത്തിൽ, ലഭിക്കാത്ത വെള്ളത്തിന് കൂടി ഭീമമായ തുക വാട്ടർചാർജ് ഇനത്തിൽ (പ്രതിമാസം 121188 രൂപ) ഒടുക്കി വരുന്നെങ്കിലും ഗുണനിലവാരമുള്ള വെള്ളം ഉറപ്പാക്കാൻ കഴിയുന്നുമില്ല.

പൊതുടാപ്പുകൾക്ക് പകരം, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് 16-11-2013 ലെ ജി.ഒ. (എം.എസ്). 362 / 2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.വാട്ടർ അതോറിറ്റിയുടെ ഫിൽട്ടറിംഗ് സംവിധാനത്തിലെ തകരാർ പരിഹരിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കേണ്ടതുമാണ്.

(3-9) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം പ്രവൃത്തികൾ ഏറ്റെടുത്തില്ല. 2016-17 ൽ വാർഡ് 14 ലെ 6 വീടുകൾക്ക് മാത്രമായി ഈയിനത്തിലുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയോ പ്രവൃത്തികൾ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കിണർ റീചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

(3-10) സംഘകൃഷിക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന സ്ഥലം ഒരുക്കൽ -കൃഷിഭവനുമായി ഏകോപനമില്ല

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംഘകൃഷിക്കായി വിവിധ ലേബർഗ്രൂപ്പുകൾ മുഖേന കൃഷിസ്ഥലം ഒരുക്കിയെങ്കിലും അവയെ കൃഷിഭവനുമായി ഏകോപിപ്പിക്കുന്നില്ല. കൃഷി ഓഫീസറുടെ വാർഷിക പദ്ധതികളിൽ പ്രസ്തുത ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നുമില്ല. തൻവർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഇപ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര് / ലേബർഗ്രൂപ്പ് / വാർഡ്	സംഘകൃഷിക്ക് ഉപയുക്തമാക്കിയ ഭൂവിസ്തൃതി	ഭൂമിയുടെ തരം	ചെലവ്
1	സംഘകൃഷിക്ക് കൃഷിസ്ഥലം ഒരുക്കൽ - അനുഭവ യൂണിറ്റ് - വാർഡ് 6	45 സെന്റ്	നിലം	44396
2	-ടി- ഏയ്ഞ്ചൽ യൂണിറ്റ് - വാർഡ് 6	65 സെന്റ്	നിലം	67028
3	-ടി- ചൈതന്യ യൂണിറ്റ് - വാർഡ് 7	150 സെന്റ്	പുരയിടം	90967
4	-ടി- കാരുണ്യ യൂണിറ്റ് - വാർഡ് 7	100സെന്റ്	പുരയിടം	124721
5	-ടി- വിക്ടറി യൂണിറ്റ് - വാർഡ് 7	120സെന്റ്	നിലം	91339
6	-ടി- കാരുണ്യ ശ്രീ യൂണിറ്റ് - വാർഡ് 7	88സെന്റ്	പുരയിടം/ നിലം	93093
7	-ടി- കാരുണ്യ യൂണിറ്റ് - വാർഡ് 7	35 സെന്റ്	പുരയിടം	63804
8	-ടി- ചൈതന്യ യൂണിറ്റ് - വാർഡ് 7	100 സെന്റ്	നിലം	120462
9	-ടി- അനുഗ്രഹ യൂണിറ്റ് - വാർഡ് 9	50 സെന്റ്	നിലം	66984
10	-ടി- പൗർണ്ണമി യൂണിറ്റ് - വാർഡ് 9	100സെന്റ്	പുരയിടം/ നിലം	111924

കൃഷിസ്ഥലം ഒരുക്കിയശേഷം അത്തരം പ്രവൃത്തികളുടെയും ലേബർഗ്രൂപ്പുകളുടെയും വിവരം കൃഷിഭവനെ അറിയിച്ച് സംഘകൃഷി കൃഷിഓഫീസറുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും തുടർപ്രവർത്തനം മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

(3-11) വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകിയെങ്കിലും സംരംഭം ആരംഭിച്ചില്ല

വനിതാഘടകപദ്ധതിയിൽപ്പെടുത്തി വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി 423000 രൂപ അടങ്കൽ വകയിരുത്തി "വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം" എന്ന പദ്ധതി (SO46/16) ആവിഷ്കരിച്ചിരുന്നു.

ഇതനുസരിച്ച് അയൽക്കൂട്ടങ്ങളിലെ 20 വനിതകളെ തെരഞ്ഞെടുത്ത് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി സ്റ്റെം ഇൻസ്, പത്തനംതിട്ട എന്ന സ്ഥാപനം മുഖേന 5-10-15 മുതൽ 5-11-15 വരെ പ്രസ്തുത യൂണിറ്റംഗങ്ങൾക്ക് തയ്യൽ പരിശീലനം നൽകിയ ഇനത്തിൽ 62000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ യൂണിറ്റ് ഇതേവരെ ബാങ്ക് വായ്പ എടുത്ത് പ്രവർത്തനം തുടങ്ങുകയോ സബ്സിഡി നൽകുകയോ ചെയ്തിട്ടില്ല.പ്രസ്തുത സ്വയംതൊഴിൽ സംരംഭം യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(3-12) പൊതു ശൗചാലയങ്ങൾ കാട് കയറിയ നിലയിൽ കിടക്കുന്നു

കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി 1.89 ലക്ഷം രൂപ ചെലവഴിച്ച് മലയാലപ്പുഴ ബസ് സ്റ്റാന്റിൽ (പുതിയ പഞ്ചായത്തോഫീസ് കെട്ടിടത്തിന് സമീപം) പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ചിരുന്നു. കൂടാതെ, ഗ്രാമപ്പഞ്ചായത്തിന്റെ 2012-13 ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി നിർമ്മൽ ഗ്രാമ പുരസ്കാരത്തുക ഇനത്തിൽ 229346 രൂപ ചെലവഴിച്ച് മലയാലപ്പുഴ ജംഗ്ഷനിൽ പൊതു ശൗചാലയം നിർമ്മിച്ചിട്ടുണ്ട്. രണ്ട് കംഫർട്ട് സ്റ്റേഷനുകളും വർഷങ്ങളായി ഉപയോഗിക്കാതെ കാട് കയറിയ നിലയിൽ ആണ് എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി. ജല ലഭ്യത ഇല്ലാത്തതിനാലാണ് അവ ഉപയോഗപ്പെടുത്താൻ കഴിയാത്തത് എന്നാണ് ഈ വിഷയത്തിൽ ഓഡിറ്റിന് ലഭിച്ച വിശദീകരണം. ജല ലഭ്യത ഉറപ്പാക്കി രണ്ട് പബ്ലിക് കംഫർട്ട് സ്റ്റേഷനുകളും ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(3-13) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി ധനസഹായം നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി 200000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. വകയിരുത്തിയ 2 ലക്ഷം രൂപ 17-3-16 ൽ പിൻവലിച്ച് 29 ഗുണഭോക്താക്കൾക്കായി വിഭജിച്ച് നൽകുകയാണ് ചെയ്തത്. വകയിരുത്തിയ ഫണ്ട് അപര്യാപ്തമായിരുന്നതിനാൽ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ നിർദ്ദേശിച്ച പരമാവധി സഹായം നൽകാൻ കഴിഞ്ഞില്ല. ഉദാഹരണമായി, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്ന വിഭാഗത്തിൽ 8 ാം ക്ലാസ്സ് വിദ്യാർത്ഥിക്ക് 6000 രൂപയും ഡിഗ്രി വിദ്യാർത്ഥിക്ക് 9600 രൂപയും മാത്രമാണ് നൽകിയത്. കൂടാതെ, ജില്ലാ / ബ്ലോക്ക് പഞ്ചായത്തുമായി ഏകോപനമില്ലാതെ പദ്ധതി നടപ്പാക്കിയതിനാൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് കൂടി സ്കോളർഷിപ്പ് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ചുമില്ല.ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാർഗരേഖ പ്രകാരമുള്ള പരമാവധി ധനസഹായം നൽകുന്നതിന് ഉതകുംവിധം ഫണ്ട് വകയിരുത്തേണ്ടതും, ജില്ലാ / ബ്ലോക്ക് പഞ്ചായത്തുമായി ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കേണ്ടതുമാണ്.

(3-14) സമ്പൂർണ്ണ ശുചിത്വ മിഷനിൽ നിന്നും കക്കൂസ് നിർമ്മാണത്തിന് ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചില്ല

സമ്പൂർണ്ണ ശുചിത്വ മിഷനിൽ നിന്നും കക്കൂസ് നിർമ്മാണത്തിന് 2014-15 ൽ ലഭിച്ച 900000 രൂപയിൽ 720000 രൂപ നാളിതുവരെ നിർദ്ദിഷ്ട ലക്ഷ്യത്തിന് ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാതെ ബാക്കിയായ 180000 രൂപ 31-3-16 ൽ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ടി തുക ചെലവഴിക്കുകയോ, അല്ലാത്ത പക്ഷം, തിരികെ ശുചിത്വ മിഷനിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്.

(3-15) ആശ്രയ പദ്ധതി നിർവഹണം കാര്യക്ഷമമല്ല

ആശ്രയ പദ്ധതി നിർവഹണം ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങുന്നു. പര്യാപ്തമാംവിധം ഫണ്ട് ലഭ്യമാക്കുന്നതിനും ഭക്ഷണ വിതരണം ഒഴികെയുള്ള ഇനങ്ങൾ കാര്യക്ഷമായി നിർവഹിക്കുന്നതിനും നടപടിയില്ല.

41.72 ലക്ഷം രൂപ വകയിരുത്തി 2004-05 ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതിപ്രകാരം 2009-10വരെ 1778194 രൂപ ലഭിച്ചതിൽ 731388 രൂപ മാത്രമാണ് ചെലവഴിച്ചത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വകയിരുത്തിയ തുക	ചെലവ്
ഭക്ഷണം	339000	18404.25
ചികിൽസ	453200	72055
വിദ്യാഭാസം	162000	19956
ക്ലോത്ത്	58810	44355
സ്വയംതൊഴിൽ	470000	50000
land	290420	24591
houseconstruction	1120000	202000
House maintenance	217500	42500
Latrine	98000	ഇല്ല
കിണർ ചുറ്റുമതിൽ	50000	ഇല്ല
പെൻഷൻ	273240	ഇല്ല
മഴവെള്ള സംഭരണി	630000	ഇല്ല
കംമ്പ്യൂട്ടർ	200000	200000

മറ്റിനങ്ങൾ	10000	57527
ആകെ	4172170	731388

റീവിസിറ്റിലൂടെ 43 ഗുണഭോക്താക്കളെ പുനർനിർണയിച്ച് ഒന്നാം ഘട്ട തുടർപദ്ധതി 2010-11 മുതൽ 2015-16 വരെയായി നിർവഹിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വകയിരുത്തിയ തുക	ചെലവ്
ഭക്ഷണം	279000	721745.5
ചികിൽസ	191000	66962
വിദ്യാഭാസം	33000	ഇല്ല
സ്വയംതൊഴിൽ	434000	10000
ക്ളോത്ത്	88000	116160
land	375000	ഇല്ല
houseconstruction	1500000	350000
House maintenance	306000	100000
Drinking water	840000	ഇല്ല
latrine	77500	ഇല്ല
eletricity	7000	ഇല്ല
pension	132000	ഇല്ല
Compound wall	30000	ഇല്ല
computer		7525
മറ്റിനങ്ങൾ	6000	102166
ആകെ	4298500	1474558

2013-14 മുതൽ 12012262 രൂപ വകയിരുത്തി രണ്ടാം ഘട്ടപദ്ധതി അംഗീകാരം വാങ്ങിയെങ്കിലും ചലഞ്ച് ഫണ്ടിനത്തിൽ 499687 രൂപ മാത്രമാണ് ഇതുവരെ ലഭിച്ചത്.പദ്ധതി പ്രവർത്തനങ്ങളൊന്നും ഇതേവരെ ആരംഭിച്ചിട്ടില്ല. ഒന്നാം ഘട്ട തുടർ പദ്ധതിയുടെ പ്രവർത്തനങ്ങളും പൂർണതോതിൽ നടപ്പാവുന്നില്ല.

ആശ്രയ പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന് ഉതകും വിധം വിലയിരുത്തൽ സമിതി മോണിട്ടറിംഗ് നടത്താത്തത് ആണ് പദ്ധതി യുടെ നിർജീവസ്ഥയ്ക്ക കാരണം . പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരികേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

(4-1) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
കോന്നി ബ്ലോക്ക് പഞ്ചായത്ത്	100000	പാലിയേറ്റിവ് കെയർ	100000	ഇല്ല

(4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം വിവിധ നിക്ഷേപ പദ്ധതികളിലായി 420675രൂപ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇവ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രോജക്ട് നം./പ്രവൃത്തിയുടെ പേര്	ഡെപ്പോസിറ്റ് ചെയ്ത തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
KWA	182/16മുക്കുഴി അഞ്ചുസെന്റ് കോളനി പൈപ്പ് ലൈൻ മെയിന്റനൻസ്	50000	0	പൂർത്തീകരിച്ചില്ല	50000
KSEB	186/16 ശീമപ്ലാവ് - മുട്ടാണി, ശീമപ്ലാവ് - കണ്ടത്തുവാളി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ	149875	0	പൂർത്തീകരിച്ചില്ല	149875
KSEB	196/16 പത്തരപ്പടി - പത്തിശ്ശേരിപ്പടി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ	30000	0	പൂർത്തീകരിച്ചില്ല	30000
KWA	206/16തെരുവുവിളക്ക് മീറ്ററിംഗ്	190800	0	പൂർത്തീകരിച്ചില്ല	190800
ആകെ		420675			420675

(4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	കൺവീനർ	ബിൽ വൗച്ചർ നമ്പർ	തുക	ക്രമീകരിച്ചത്	ബാക്കി	റിമാർക്സ്
ഇല്ല							

(4-4)(i) വായ്പ / വിനിയോഗം /വീഴ്ചകൾ എന്നിവയുടെ വിവരം.

ക്രമ നം.	2015-16 ൽ	ഉദ്ദേശ്യം	നിശ്ചിത കാലാവധി	വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത്	ഉദ്ദേശ്യ ലക്ഷ്യം

	ലഭിച്ച വായ്പ		യിൽ ചെലവഴിച്ച തുക		നേടിത് സംബന്ധിച്ച വിവരം.
ഇല്ല					

(ii) വായ്പ തിരിച്ചടവിന്റെ വിവരം

വായ്പയുടെ വിവരം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	ജി.ഒ.(ആർ.റ്റി) നം.563/2010 ത.സ്വ.ഭ.വ തീയതി 22.02.2010	10885500	5442750	1972865	1680115	3469885

(4-5) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	756462
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	71592
ആകെ	828054
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	828054

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം
സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മലയാലപ്പുഴ	331223	853
- ടി -	496831	847

(4-6) ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 12058രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	ഈടാക്കിയ തുക	രസീത് നമ്പരും തീയതിയും

2013-14	3-1	എലിസബത്ത് രാജു, വാർഡ് മെമ്പർ	1200 1200 1200 1200 900	11000229/04.04.15 1100389/02.05.15 1100717/04.06.15 1100947/01.07.15 1101214/05.08.15
2013-14	3-1	ജഗദമ്മ സോമരാജൻ, പ്രസിഡണ്ട്	500 500 500 500 500 500 500 1100	11000228/04.04.15 1100388/02.05.15 1100716/04.06.15 1100946/01.07.15 1101213/05.08.15 1101412/03.09.15 1101655/07.10.15 1102025/03.11.15
2008-09	3-10	കെ.വാസുദേവൻനായർ ജ്യോതിപ്രസാദ് ജയലാൽ	586 586 586	1101732/12.10.15 101823/13.10.15 1101733/12.10.15

(4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം.

ഓഡിറ്റ് വർഷം, ഖണ്ഡിക നം	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം	വിഷയം	നിലവിലെ അവസ്ഥ
ഇല്ല			

(4-8) ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	33185403
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	39501018

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	164306
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	929000

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	89589	44794.50- ശ്രീമതി.ബിന്ദു V.S., അസിസ്റ്റന്റ് എഞ്ചിനീയർ മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്
		44794.50-ശ്രീമതി. മഞ്ജു R.V., എക്സിക്യൂട്ടീവ് എഞ്ചിയിനീയർ, കോന്നി ബ്ളോക്ക് പഞ്ചായത്ത്
3-2	74717	ശ്രീമതി. ബിന്ദു V.S., അസിസ്റ്റന്റ് എഞ്ചിനീയർ, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്
ആകെ	164306	

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-5	65000	ശ്രീ. പ്രസാദ് P രവി,സെക്രട്ടറി
3-6	864000	ശ്രീ. E.K മോഹൻ, അസിസ്റ്റന്റ് സെക്രട്ടറി

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും

3-5	65000	ശ്രീ. പ്രസാദ് P രവി,സെക്രട്ടറി
3-6	864000	ശ്രീ. E.K മോഹൻ, അസിസ്റ്റന്റ് സെക്രട്ടറി
ആകെ	929000	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ബിന്ദു V.S, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്ത്	പ്രണവം, വെട്ടൂർ P.O
ശ്രീമതി. മഞ്ജു R.V, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ,ചവറ ബ്ളോക്ക് പഞ്ചായത്ത്	നടയിൽ പടിഞ്ഞാറ്റേതിൽ നമ്പർ 20,SMRA മുളങ്കാടകം,കൊല്ലം-12

(4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

വർഷം	ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം
1995-96	നം.എൽ.എഫ്.പി.റ്റി.എ.പി2/363/97തീയതി09.09.1997
1996-97	നം.എൽ.എഫ്.പി.റ്റി.എ.പി.2/30/98തീയതി 30.06.1999
1997-98	നം.എൽ.എഫ്.പി.റ്റി.എ.പി.2/586/98തീയതി11.08.2000

1999-00(ചെലവ്)	നം. എൽ.എഫ്.പി.റ്റി.എ.പി.2/460/01തീയതി 05.11.2001/10.06.2002
1999-00(വരവ്)	നം.എൽ.എഫ്.പി.റ്റി.എ.പി.2/579/04തീയതി 12.01.2005/21.03.2005
2000-01	നം.എൽ.എഫ്.പി.റ്റി.എ.പി.2/580/04തീയതി12.01.2005
2001-02	നം.എൽ.എഫ്.പി.റ്റി.എ.പി2/756/04തീയതി 05.05.2005
2002-03	നം.എൽ.എഫ്.പി.റ്റി.എ.പി.2/65/05തീയതി10.06.2005
2003-04	നം.എൽ.എഫ്.പി.റ്റി.എ.പി.2/325/05തീയതി 14.11.2005
2004-05	നം. എൽ.എഫ്.പി.റ്റി.എ.പി.3/924/07തീയതി 04.06.2008/31.01.08
2005-06	നം.എൽ.എഫ്.പി.റ്റി.എ.പി.9/843/09തീയതി 09.12.09/30.07.10
2006-07	നം.എൽ.എഫ്.പി.റ്റി.എ.പി.9/268/10 തീയതി 04.04.2011
2007-08	നം.എൽ.എഫ്.പി.റ്റി.എ.പി.10/211/11തീയതി 07.10.10/04.02.13
2008-09 to 2010-11	നം.എൽ.എഫ്.പി.റ്റി.എ.പി.9-332/13തീയതി 31.07.2013

2011-12	നം.എൽ.എഫ്.പി.റ്റി.എ.പി.9-333/13തീയതി 19.08.12/02.12.13
2012-13&2013-14	നം.എൽ.എഫ്.പി.റ്റി.എ. പി.9-893/14തീയതി 07.11.14/18.11.14
2014-15	നം.കെ.എസ്.എ പി.റ്റി.എ പി.12/535/2016 തീയതി 10.05.2016

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.പി.റ്റി.എ.പി.12.1188/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പത്തനംതിട്ട.

ഫോൺ : 0468 2223691

ഇ-മെയിൽ:dopta.ksad@kerala.gov.in

തീയതി : 17.11.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം.
പത്തനംതിട്ട

KSAPTA P.12-1188/2016

Kerala State Audit Department

District Audit Office, Pathanamthitta

Phone :0468 2223691

e-mail :dopta.ksad@kerala.gov.in

Date :17.11.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Malayalappuzha Gramapanchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Malayalappuzha Grama Panchayat for the year 2015-16 except the obeservations in My audit report properly presents the picture of income and expenditure.

Deputy Director
District Audit Office

Kerala State Audit Department